കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൈനകരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-1243/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 07.08.2017

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൈനകരി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം:- കൈനകരി ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി1-1243/17 തീയതി, 07.10.2017

# ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 12.01.2017 മുതൽ 15.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.09.2017മുതൽ 27.09.2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റോയ് ടി എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. രാജിമോൾ പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.ഷീല സജീവ് | 01.04.2016മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ഡി. സാബു | 01.04.2016മുതൽ<br>28.07.2016 (FN) വരെ |
| 2 | ശ്രീ. വിനോദ് പി വി (അസിസ്റ്റന്റ് സെക്രട്ടറി) | 28.07.2016(AN)മുതൽ<br>16.08.2016(FN) വരെ |
| 3 | ശ്രീ.ഹരികൃഷ്ണൻ എം.പി (ജൂനിയർ സൂപ്രണ്ട്) | 16.08.2016(AN)മുതൽ<br>19.08.2016(FN) വരെ |
| 4 | ശ്രീ.ഷെയ്ക്ക് ബിജു<br>(അസിസ്റ്റന്റ് സെക്രട്ടറി) | 19.08.2016 (AN) മുതൽ 14.10.2016 (FN)വരെ |
| 5 | ശ്രീ.വിമൽ കുമാർ കെ എൻ | 14.10.2016 (AN)മുതൽ<br>12.01.2017 (FN) വരെ |
| 6 | ശ്രീമതി. ഇന്ദു ബി<br>(അസിസ്റ്റന്റ് സെക്രട്ടറി) | 12.01.2017 (AN)മുതൽ<br>31.01.2017 വരെ |
| 7 | ശ്രീ.പി ജി പ്രകാശ് | 01.02.2017മുതൽ 31.03.2017വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.മേഴ്സി.കെ.ജെ<br>ശ്രീ.പ്രദീപ്.പി.വി<br>ശ്രീമതി.ധന്യ മധു | 01.04.2016മുതൽ 22.08.2016വരെ<br>23.08.2016മുതൽ 16.10.2016 വരെ<br>17.10.2016മുതൽ 31.03.2017 വരെ |
| 2 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.റംല ബീവി | 01.04.2016മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 3 | വി.ഇ.ഒ,കൈനകരി | ശ്രീ.അനീഷ്.കെ.പി | 01.04.2016മുതൽ 31.03.2017 വരെ |
| | വി.ഇ.ഒ, കുട്ടമംഗലം | ശ്രീ.മുഹമ്മദ് കുഞ്ഞാശാൻ | 01.04.2016മുതൽ 31.03.2017 വരെ |
| 4 | വെറ്ററിനറി സർജൻ | ഡോ.ദീപ.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അഞ്ജന<br>ഡോ.ശരത് ചന്ദ്ര ബോസ് | 01.04.2016മുതൽ 22.08.2016 വരെ<br>23.08.2016മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സജി ഉമ്മൻ | 01.04.2016മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പി.ജെ.അലക്സ് | 01.04.2016മുതൽ 31.03.2017 വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.റെനി സെബാസ്റ്റ്യൻ<br>ശ്രീ.ബിനോയ് ബോസ് | 01.04.2016മുതൽ 15.07.2016 വരെ<br>16.07.2016 മുതൽ 31.03.2017 വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുജാത<br>ശ്രീമതി.സെൽമ ബീവി | 01.04.2016മുതൽ 03.09.2016വരെ<br>04.09.2016 മുതൽ 31.03.2017 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.വി.വിനോദ് | 01.04.2016മുതൽ 16.08.2016 വരെ |

| | | | |
|---|---|---|---|
| | | ശ്രീ.ഷെയ്ക്ക് ബിജു<br>ശ്രീമതി.ബി.ഇന്ദു | 19.08.2016മുതൽ 04.01.2017 വരെ<br>05.01.2017മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ<br>1-9 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | വസ്തു നികുതി - നിർണ്ണയത്തിൽ അപാകതകൾ |
| 3 | 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി |
| 4 | 2-3 | തൊഴിൽ നികുതി-അപാകതകൾ |
| 5 | 2-4 | ഡി&ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് |
| ഭാഗം 3 | | |
| 6 | 3-1 | പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 1.25 കോടി ചെലവഴിച്ചില്ല |
| 7 | 3-2 | മരാമത്ത് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ |
| 8 | 3-3 | ഓട്ടോറിക്ഷ നൽകൽ (എസ്.സി) --- വായ്പ ഉറപ്പാക്കാതെ സബ്സിഡി നൽകി |
| 9 | 3-4 | ഡിപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റ്, എഗ്രിമെന്റ് രേഖകൾ ഹാജരാക്കിയില്ല |
| 10 | 3-5 | കാലി വീപ്പയുടെ വില കുറവു ചെയ്തില്ല- കരാറുകാരന് അധിക തുക നൽകി |
| 11 | 3-6 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു |
| 12 | 3-7 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് പൂർണ്ണമായി ലഭിച്ചില്ല |
| 13 | 3-8 | ഒ.ഡി.എഫ് പദ്ധതി - മുൻകൂർ തുക കൈപ്പറ്റി |

| | | |
|---|---|---|
| | | നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയില്ല |
| 14 | 3-9 | മഴക്കാല പൂർവ്വ ശുചീകരണം - വാർഡു തല ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 15 | 3-10 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്- ഓർഡിനറി ബൾബുകളുടെ പേരിൽ അധിക തുക നൽകുന്നു |
| 16 | 3-11 | വാസസ്ഥലം മണ്ണിട്ടുയർത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല |
| 17 | 3-12 | എസ്.സി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് --- പദ്ധതി നടത്തിപ്പിലെ പോരായ്മകൾ |
| 18 | 3-13 | നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും ചെലവഴിക്കപ്പെടാത്തതു മായ തുക യഥാസമയം തിരിച്ചടച്ചില്ല |
| 19 | 3-14 | നെൽകൃഷി വികസന പദ്ധതി – സബ്സിഡി വിതരണത്തിൽ പോരായ്മകൾ |
| 20 | 3-15 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ :- |
| 21 | 3-16 | ജീവൻധാര അക്കൗണ്ട് നിർജ്ജീവമായി തുടരുന്നു |
| 22 | 3-17 | ദുരിതാശ്വാസ നിധി നിർജ്ജീവമായി തുടരുന്നു |
| ഭാഗം 4 | | |
| 23 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 21.03.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 76983000 | 76350000 |
| വാർഷിക കണക്ക് പ്രകാരം | 50507327 | 45942564 |

സർക്കാർ നേരിട്ട് വിതരണം ചെയ്ത ക്ഷേമപെൻഷനുകൾക്ക് ചെലവായ3.36 കോടി രൂപ, എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഇ.എഫ്.എം.എസ് വഴി വരവ് വന്ന 3.77 കോടി രൂപ എന്നിവ റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല. ഇവകൂടി ചേർത്താൽ യഥാർത്ഥ വരവ് ചെലവുകൾ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ 4.48കോടി അധികമാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്)

സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15657605 | 12170640 | 77.73 |
| വികസനഫണ്ട് എസ്.സി.പി. | 3082260 | 2983986 | 96.81 |
| വികസനഫണ്ട് ടി.എസ്.പി. | -- | -- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 1598922 | -- | 0.00 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4119540 | 2852244 | 69.24 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7744851 | 1892694 | 24.44 |
| ലോക ബാങ്ക് സഹായം | 3955655 | 3721849 | 94.09 |
| ബി ഫണ്ട് | 34071570 | 34071570 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 35068638<br>(രൂ.186989/- മുന്നിരിപ്പ് ഉൾപ്പടെ) | 34914028 | 99.56<br>(നീക്കിയിരുപ്പ് - 154610 രൂപ) |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 124 | 51433561 | 69 | 24577724 | 3 | 52 | 55.65 |

1-5 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 59.83ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1658533 | 3266744 | 1608211 | 96.97 |
| നികുതിയേതര വരവുകൾ | 616161 | 380747 | (-)235414 | (-)38.21 |
| മറ്റ് വരവുകൾ | 54855 | 75899 | 21044 | 38.36 |
| ആകെ | 2329549 | 3723390 | 1393841 | 59.83 |

1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ 3713 ഗുണഭോക്താക്കൾക്കായി 34071570/-രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 490200 | 307 |
| കർഷകതൊഴിലാളി പെൻഷൻ | 17509120 | 1975 |
| വിധവാപെൻഷൻ | 5104160 | 427 |
| വാർദ്ധക്യകാലപെൻഷൻ | 8454510 | 752 |
| വികലാംഗപെൻഷൻ | 2024530 | 220 |
| അവിവാഹിതപെൻഷൻ | 249050 | 24 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 240000 | 8 |
| ആകെ | 34071570 | 3713 |

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.9.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 5345/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ അപേക്ഷ രജിസ്റ്റർ കൃത്യമല്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.09.2017 | 8/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.6.2004–21.6.2004 | 97-98 മുതൽ 03-04 വരെ | 13.9.2004 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി - നിർണ്ണയത്തിൽ അപാകതകൾ

പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം 14.12.2011 ന് 2011ഏപ്രിൽ 1 മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്നു. നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാന നഷ്ടം

ശ്രീ.അലക്സാണ്ടർ പോത്തൻ, വല്ലഭ് നഗർ, മുംബയ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ആശാതീരം റിസോർട്ടിലെ 13/30A, 13/31 മുതൽ 13/39 വരെയുള്ള 10 മുറികളുടെ വസ്തു നികുതി റസ്റ്റോറന്റുകൾ എന്ന ഗണത്തിൽപ്പെടുത്തിയാണ് നിർണ്ണയിച്ചിട്ടുള്ളത്. റിസോർട്ടിന്റെ ഭാഗമായുള്ള റസ്റ്റോറൻറ് ആണെങ്കിൽ അവയുടെ നികുതി ഒന്നായി നിർണ്ണയിക്കാമെന്നിരിക്കെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ ഫയൽ പരിശോധിച്ചതിൽ മേൽ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം 60.2$M^2$ ആണ്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ ഓരോ മുറികളെയും റസ്റ്റോറന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി ഓരോന്നിന്റെയും വിസ്തീർണ്ണം 10$M^2$ പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്. ഇതു മൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.9/25.9.2017) നല്കിയ മറുപടിയിൽ പിന്നീട് വിശദീകരണം നല്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ആവശ്യമായ പരിശോധന നടത്തി നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ഒന്നിൽ കൂടുതൽ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നല്കി

സ.ഉ.(എം.എസ്)358/15ത.സ്വ.ഭ.വ.തീയതി16-12-2015 പ്രകാരം 60$M^2$ ൽ താഴെ വിസ്തീർണ്ണമുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ കുടുംബനാഥന്റെ/കുടുംബനാഥയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി ഒഴിവാക്കിയിരുന്നു. ഇപ്രകാരം നികുതിഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ശ്രീ അലക്സാണ്ടർ പോത്തൻ, വല്ലഭ് നഗർ, മുംബയ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 13/28, 13/29 എന്നീ നമ്പരുകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള രണ്ട് വീടുകൾക്കും മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നല്കിയിട്ടുള്ളയായി അസസ്സമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്നില്ല. കൂടാതെ സത്യവാങ്മൂലം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ ഒന്നിലധികം കെട്ടിടങ്ങൾക്ക് നല്കിയിട്ടുള്ള വസ്തുനികുതി ഇളവ് റദ്ദ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി നിർണ്ണയിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3. ഡാറ്റാ എൻട്രിയിലെ പിഴവ് മൂലം വരുമാന നഷ്ടം

ശ്രീ.സഞ്ജയ് എബ്രഹാം എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി (റസ്റ്റോറന്റ്) ഉപയോഗിച്ചുവരുന്ന 9/82 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 250 $M^2$ ആണ്. 100 $M^2$ ന് മുകളിലുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ചതുരശ്ര മീറ്ററിന് 70/-രൂപ നിരക്കിലാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയിച്ചപ്പോൾ ഈ കെട്ടിടത്തെ 100 $M^2$ ൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 60/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ വിസ്തീർണ്ണം= 250 $M^2$

ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി=70

ഒരു ചതുരശ്ര മീറ്ററിന് ഈടാക്കിയ നികുതി=60

അടിസ്ഥാന വസ്തു നികുതി =250*70

=17500/-

ഇളവ്/വർദ്ധന = ഇല്ല

ഈടാക്കേണ്ടിയിരുന്ന നികുതി = 17500+875(ലൈബ്രറി സെസ്സ്) = 18375/- ഈടാക്കിയ നികുതി =15000+750 (ലൈബ്രറി സെസ്സ്)

= 15750/-

കുറവ് = 2625/-

ഈ വിഷയത്തിൽ 25.09.17ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 2013-14 മുതൽ മുൻകാല പ്രാബല്യത്തിൽ വസ്തുനികുതി റീ അസസ്സ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4.കെട്ടിടത്തിന്റെ ഏരിയ കണക്കാക്കിയതിൽ കുറവ്

ശ്രീ.കുര്യൻ ജയിംസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള റിസോർട്ട് പ്രവർത്തിച്ച് വരുന്ന 13/246A, 13/246B, 13/246C എന്നീ നമ്പരിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം, പ്ലാൻ പ്രകാരം യഥാക്രമം 162.55 $M^2$, 185.65 $M^2$, 22.81 $M^2$ എന്നിങ്ങനെ ആകെ വിസ്തീർണ്ണം 371.01 $M^2$ ആണ്. എന്നാൽ വിസ്തീർണ്ണം 337.64 $M^2$ എന്ന് രേഖപ്പെടുത്തിയാണ് കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിസ്തീർണ്ണത്തിലുള്ള വ്യത്യാസം സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ (കംപ്ലീഷൻ പ്ലാൻ, ഫാറം 6) ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/25.9.2017) നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടങ്ങളിൽ പുന:പരിശോധന നടത്തി വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

ടി കെട്ടിടങ്ങളിൽ ഭൗതിക പരിശോധന നടത്തി വിസ്തീർണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ അപാകത പരിഹരിച്ച് നികുതി നിർണ്ണയം നടത്തേണ്ടതും, ഡിമാൻറ് നോട്ടീസിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

5. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി

അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.പൊന്നപ്പൻ പഴുച്ചിറ എന്നയാളുടെ ഉടമസ്ഥതയിലുള്ള 100 $M^2$ ൽ താഴെ വിസ്തീർണ്ണത്തിൽ വാണിജ്യാവശ്യത്തിനുള്ള 9/211 നമ്പർ കെട്ടിടത്തിന് വസ്തു നികുതി അസസ്സ് ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കെട്ടിടത്തിന്റെ നികുതി ഇളവ് റദ്ദ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/-രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 2 വാർഡിലെ 3ടവറുകളുടെ നികുതി മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളതെന്നു കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | വാർഡ്/ കെട്ടിട നം. | നിർണ്ണയിച്ച വസ്തു നികുതി | പരാമർശം |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് | 9/58 A | 21000 | 2016-17ൽ ഒടുക്കിയിട്ടില്ല |
| 2 | റിലൈൻസ് കമ്മ്യൂണിക്കേഷൻ | 9/58 | 9450 | 2013-14മുതൽ ഒടുക്കിയിട്ടില്ല |
| 3 | ഇൻഡസ് ടവേഴ്സ് | 11/331 | 20213 | 2015-16മുതൽ ഒടുക്കിയിട്ടില്ല |

പ്രസ്തുത ടവറുകളുടെ 16-17 വർഷം വരെയുള്ള വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതും, പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള എല്ലാ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി-അപാകതകൾ

പഞ്ചായത്തിലെ തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററുകൾ, അർദ്ധവർഷ പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. പോസ്റ്റ് ഓഫീസ് ചേന്നങ്കരി(ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട്)
2. കൈനകരി ബാക്ക് വാട്ടർ റിസോർട്സ് & ഹോട്ടൽസ്
3. ശാന്തിഗിരി ആയുർവ്വേദ ഹെറിറ്റേജ്
4. കടവിൽ ലേക്ക് ഷോർ റിസോർട്സ്
5. ആറ്റുവാത്തല സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്

കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1. ശാന്തിഗിരി ആയുർവ്വേദ ഹെറിറ്റേജ്
2. KSEB
3. നന്മ സ്റ്റോർ

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (12/26.9.17)നല്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക്

നോട്ടീസ് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇവരിൽ നിന്നും നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 ഡി&ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ചട്ടം 7 പ്രകാരം ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിന് പട്ടിക 2 പ്രകാരമുള്ള ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ള പല സ്ഥാപനങ്ങളും അവർ നടത്തുന്ന ബിസിനസിന് ആനുപാതികമായ വരുമാനം കണക്കാക്കാതെയാണ് ഫീസ് ഈടാക്കിവരുന്നത്. അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച കോളം കൃത്യമായി പൂരിപ്പിക്കുന്നില്ല. സ്ഥാപനത്തിന്റെ വിറ്റുവരവ്, ഈടാക്കാവുന്ന ഫീസ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് അപേക്ഷകളിൽ ഉൾപ്പെടുത്തുന്നില്ല. കൂടാതെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി& ഓ ഫീസ് ഇനത്തിൽ വളരെ തുച്ഛമായ തുകയാണ് ഈടാക്കി വരുന്നത്.

| സ്ഥാപനം | ഈടാക്കുന്ന ലൈസൻസ് ഫീസ് |
|---|---|
| കൈരളി ആയുർവ്വേദിക് സെൻറർ | 200/- |
| ആറ്റുമുഖം ആയുർവ്വേദിക് സെന്റർ | 300/- |
| ശാന്തിഗിരി ആയുർവ്വേദ ഹെറിറ്റേജ് | 300/- |
| കൈനകരി ബാക്ക് വാട്ടർ ഹോട്ടൽസ് & റിസോർട്സ് | 500/- |
| കാരുണ്യ ഹൌസ് | 500/- |
| സർവ്വീസ് കോ ഓപറേറ്റീവ് ബാങ്ക് നം 1673 | 300/- |
| കടവിൽ ലേക്ക് റിസോർട്സ് | 200/- |
| സപ്ലൈകോ മാവേലി സ്റ്റോർ | 300/- |
| വേമ്പനാട് ആയുർവ്വേദിക് മസാജ് സെന്റർ | - |
| ആയുർഹോം ആയുർവേദ സെൻറർ | - |

കൂടാതെ ടൂറിസവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്.

1. വേമ്പനാട് ആയുർവ്വേദിക് മസാജ് സെന്റർ
2. ആയുർഹോം ആയുർവേദ സെൻറർ

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 11/26.9.17) നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ വരുമാനം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡ്സ്

ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കി ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ മുഴുവൻ സ്ഥാപനങ്ങൾക്കും ബിസിനസിന്റെ വിറ്റുവരവിന് ആനുപാതികമായ ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച - 1.25 കോടി ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 3.61 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 2.36കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്തു പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 1.25കോടിയും നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 15657605 | 12170640 | 3486965 | 77.73 |
| വികസന ഫണ്ട് - SCP | 3082260 | 2983986 | 98274 | 96.81 |
| വികസന ഫണ്ട് - TSP | -- | -- | -- | -- |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 1598922 | -- | 1598922 | 0.00 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4119540 | 2852244 | 1267296 | 69.24 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7744851 | 1892694 | 5852157 | 24.44 |
| പെർഫോർമൻസ് ഗ്രാന്റ് | 3955655 | 3721849 | 233806 | 94.09 |
| ആകെ | 36158833 | 23621413 | 12537420 | 65.32 |

22702679/-രൂപ അടങ്കലിൽ 66മരാമത്തു വേലകൾ ആവിഷ്കരിച്ചെങ്കിലും 4968713/-രൂപ ചെലവഴിച്ച് 13പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്.

ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 മരാമത്ത് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ

1). പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ 21.89% മാത്രം ചെലവ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി തയ്യാറാക്കി അംഗീകരിച്ച 66 മരാമത്ത് പ്രവൃത്തികൾക്കായി ആകെ 22702679/-രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ്

എഞ്ചിനിയർ വെറും 13 പ്രവൃത്തികൾക്കായി ആകെ 4968713/-രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവ് 21.89%). തന്മൂലം പശ്ചാത്തല മേഖലയിൽ തൻവർഷം യാതൊരുവിധ വികസന പ്രവർത്തനങ്ങളും നടത്തുവാൻ സാധിക്കാതെ ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും പഞ്ചായത്തിന് നഷ്ടമായി.

2). റോഡ് പ്രവൃത്തികൾ നടപ്പാക്കാതിരുന്നതു മൂലം മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ ലഭ്യമായ തുക പൂർണ്ണമായും പഞ്ചായത്തിന് നഷ്ടപ്പെട്ടു

ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് (റോഡ്) വിഭാഗത്തിൽ ഉൾപ്പെടുത്തി 8 പദ്ധതികൾക്കായി സ്പിൽ ഓവറുൾപ്പെടെ (1453751) ആകെ 3052673/-രൂപയാണ് തൻവർഷം വകയിരുത്തിയിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതികളൊന്നും തന്നെ തൻവർഷം നടപ്പാക്കാതിരുന്നതു മൂലം അലോട്ട്മെന്റായി തൻവർഷം ലഭിച്ച 1598922/-രൂപയും പഞ്ചായത്തിന് നഷ്ടമായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക ഇത്തരത്തിൽ നഷ്ടപ്പെടുവാനിടയായത് പദ്ധതി നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അനാസ്ഥയായി ഓഡിറ്റിൽ കാണുന്നു. ടി വിഷയത്തിൽ ഭരണസമിതി സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഓട്ടോറിക്ഷ നൽകൽ (എസ്.സി) --- വായ്പ ഉറപ്പാക്കാതെ സബ്സിഡി നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഓട്ടോറിക്ഷ നൽകൽ (എസ്.സി) എന്ന പദ്ധതി (പ്രോജക്ട് നം. 78/2017) പ്രകാരം ബിനേഷ് കുമാർ പതിശ്ശേരി എന്ന ഗുണഭോക്താവിന് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും സബ്സിഡി തുകയായ 50,000 രൂപ (ബിൽനം. 7/2016-17/ 30.3.2017) പിൻവലിച്ച് വാഹന ഡീലറായ വെസ്റ്റ് കോസ്റ്റ് എഞ്ചിനീയറിംഗ് ആലപ്പുഴയ്ക്ക് കൈമാറി. വായ്പ ലഭിക്കുന്നതിനായി സ്വകാര്യ ധനകാര്യ സ്ഥാപനമായ ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് ആലപ്പുഴ എന്ന സ്ഥാപനത്തെയാണ് ഗുണഭോക്താവ് സമീപിച്ചത്. ബിനേഷ് കുമാർ ഹാജരാക്കിയ രേഖകളിലെ പിഴവ് മൂലം ടി സ്ഥാപനം ഗുണഭോക്താവിന് വായ്പ നൽകിയില്ലായെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം ടിയാന് തൻവർഷം ഓട്ടോറിക്ഷ നൽകുവാൻ കഴിഞ്ഞില്ല. ജി.ഒ.നം 536/2016/ത.സ്വ.ഭ.വ തീയതി, 9.2.2016 അനുസരിച്ച് വായ്പ തുക ഡീലർക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കിയതിനുശേഷം സബ്സിഡി തുക ഡീലർക്ക് നേരിട്ട് നൽകാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി സബ്സിഡി തുക മുൻകൂട്ടി നൽകുകയാണ് ചെയ്തിട്ടുള്ളത് വായ്പാ ബന്ധിത പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് വായ്പ തരപ്പെടുത്തി കൊടുക്കുന്നതിന് മുൻകൈ എടുക്കേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനാണ്. ഇപ്രകാരം വായ്പ അനുവദിച്ചതിന് ശേഷമാണ് സബ്സിഡി തുക ഡീലർക്ക് നൽകേണ്ടത്. ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസിൽ നിന്നും വായ്പ ഉറപ്പാക്കിയിട്ടുണ്ടെന്ന വാഹന ഡീലറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും ഡീലറിൽ നിന്നും തുക തിരികെ ഈടാക്കി 21.8.2017ൽ തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/22.09.17) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. കേവലം കത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക നൽകിയത് ശരിയായ നടപടിയല്ല. വായ്പ തുക ഡീലർക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കിയതിന് ശേഷമാണ് തുക നൽകേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്നും 30.3.2017ൽ പിൻവലിച്ച സബ്സിഡി തുക 21.8.2017 വരെയുള്ള പലിശ സഹിതം സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 3-4 ഡിപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റ്, എഗ്രിമെന്റ് രേഖകൾ ഹാജരാക്കിയില്ല

വിവിധ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി തൻവർഷം വികസന ഫണ്ടിൽ നിന്നും 9,29,005 രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം | ബിൽ നം | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 155/2017 | 26/2016-17/ 30.3.2017 | 4,09,005 |
| 2 | കളപ്പുരയ്ക്കൽ പാലം മുതൽ ആയിരംവേലി പാലം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 154/2017 | 27/2016-17/ 30.3.2017 | 3,60,000 |
| 3 | എൽ.പി, യു.പി സ്കൂളുകൾക്ക് കുടിവെള്ള കണക്ഷൻ | 97/2017 | 31/2016-17/ 30.3.2017 | 45,000 |
| 4 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 98/2017 | 33/2016-17/ 30.3.2017 | 90,000 |
| 5 | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ | 93/2017 | 32/2016-17/ 30.3.2017 | 10,000 |
| 6 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ | 94/2017 | 34/2016-17/ 30.3.2017 | 15,000 |

മേൽ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ്, പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ഒപ്പുവെച്ച കരാർ എന്നിവയും ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.7/25.09.17) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ഓരോ ഇനത്തിനും ചുമത്തിയിട്ടുള്ള നിരക്കിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. കരാർ ലഭ്യമല്ലാത്തതിനാൽ മേൽ പറയുന്ന പ്രവൃത്തികൾ എപ്പോൾ ആരംഭിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ മേൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി ചെലവഴിച്ച 9,29,005 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 കാലി വീപ്പയുടെ വില കുറവു ചെയ്തില്ല- കരാറുകാരന് അധിക തുക നൽകി

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നം. - 53/17

കരാറുകാരൻ - സജിമോൻ.ഇ.ബി

പ്രവൃത്തിമൂല്യം - 3721849/-

അളവു പുസ്തകം - 2, 5/16-17

ബിൽ നം. 7/16-17/29.3.17 - 3721849/-

തോട്ടുവാത്തല പാലം - തോട്ടുവാത്തല സ്കൂൾ റോഡ് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തിയിൽ ടാർ വർക്കിന് അനുവദിച്ചിരിക്കുന്നത് പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെട്ട നിരക്കാണ്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ കാലി വീപ്പയുടെ വില കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത്. ഇതു മൂലം കരാറുകാരന് അധിക തുക നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് ഉപയോഗിച്ച ടാറിന്റെ അളവ്

വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ചെയ്ത അളവ് | ആവശ്യമാകുന്ന ടാറിന്റെ അളവ് | ഉപയോഗിക്കേണ്ടി വരുന്ന ടാറിന്റെ അളവ് (kg) |
|---|---|---|---|
| ടാക്ക് കോട്ട് | $1771m^2$ | $0.75kg/m^2$ | 1328.25 |
| ചിപ്പിംഗ് കാർപ്പെറ്റ് | $1771\ m^2$ | $1.44kg/m^2$ | 2550.24 |
| സീൽകോട്ട് | $1771\ m^2$ | $0.98kg/m^2$ | 1735.58 |
| ആകെ | | | 5614.07 |

കാലി വീപ്പയുടെ എണ്ണം -- 5614.07/161.8 = 35 ബാരൽ

ഈടാക്കേണ്ടുന്ന കാലി വീപ്പയുടെ വില = 35 x 250 =8750/-

പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/25.9.17) അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. എത്രയും വേഗം തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

1. തെരുവ് വിളക്ക് പരപാലനവും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും (പ്രോജക്ട്നം 128/2017) എന്ന പദ്ധതി പ്രകാരം എട്ടാം വാർഡിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 29,500 രൂപയും (ബിൽനം 18/2016-17/27.2.2017) തനത് ഫണ്ടിൽ നിന്നും 375 രൂപയും ഉൾപ്പെടെ 29,875രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 29,875 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

2. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ നിയന്ത്രണ പദ്ധതിയ്ക്ക് വിഹിതം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ എ.ബി.സി പ്രോഗ്രാമിന് തുക നൽകൽ എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 50,000 രൂപ പിൻവലിച്ചിട്ടുണ്ട് (ബിൽനം 13/2016-17/ 25.11.2016). തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് നം.S0084/17

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ പാലിയേറ്റിവ് കെയർ എന്ന പ്രോജക്ടിനായി ബ്ളോക്ക് വിഹിതമായി ലഭിച്ച 1,94,000/-രൂപയിൽ (ചെക്ക്നം.39074 തീയതി, 25.03.17) 82,035/-രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന്മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചതായി കാണുന്നു (വൌച്ചർ നം.5/16-17). എന്നാൽ ഈ തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൈപ്പറ്റിയതിന്റെയോ മരുന്ന് ലഭിച്ചതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മരുന്നുകളുടെ പ്രൊഫോമാ ഇൻവോയിസ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (10/25.09.17). രേഖകളുടെ അഭാവത്തിൽ 82035/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഒ.ഡി.എഫ് പദ്ധതി - മുൻകൂർ തുക കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. കുട്ടമംഗലം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം എന്നപദ്ധതി പ്രകാരം (S0045/17) കക്കൂസ് നിർമ്മിക്കുന്നതിനായി അഡ്വാൻസ് തുക 7000/- രൂപ വീതം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 9പേർ നാളിതുവരെ ആദ്യ ഘട്ടം പൂർത്തിയാക്കിയിട്ടില്ല (ബിൽ നം.1/16-17,1,400,000/- തീയതി 07.09.2016). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് /മേൽവിലാസം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | ബിജു രാജ്, പീടികയിൽ, കുപ്പപ്പുറം പി.ഒ | 7000 | 09/09/2016 |
| 2 | വി.എൻ.ഇന്ദുലേഖ,<br>സി ബ്ളോക്ക് പടിഞ്ഞാറെച്ചിറ, കുട്ടമംഗലം പി.ഒ | 7000 | 09/09/2016 |
| 3 | സുഭാഷിണി, വേട്ടാത്തോട്, കുട്ടമംഗലം പി.ഒ | 7000 | 09/09/2016 |
| 4 | വർഗ്ഗീസ് ജോസഫ്, വലിയവീട്ടിൽ, കുട്ടമംഗലം പി.ഒ | 7000 | 09/09/2016 |

| | | | |
|---|---|---|---|
| 5 | പ്രീത, കാമിച്ചേരിച്ചിറ, കുട്ടമംഗലം പി.ഒ | 7000 | 09/09/2016 |
| 6 | ഉദയഭാനു, ഞാറ്റിങ്ങാത്ര, കൈനകരി ഈസ്റ്റ് പി.ഒ | 7000 | 09/09/2016 |
| 7 | ജോസഫ് സ്കറിയ, വാഴക്കാട്, കൈനകരി ഈസ്റ്റ് പി.ഒ | 7000 | 09/09/2016 |
| 8 | തോമസ് ജോസഫ്, തെക്കുംമുറി, കൈനകരി ഈസ്റ്റ് പി.ഒ | 7000 | 09/09/2016 |
| 9 | ഭാരതി, മൂലയിൽ വീട്, തോട്ട് വാത്തല പി.ഒ | 7000 | 09/09/2016 |
| | ആകെ | 63,000/- | |

നിർമ്മാണം നടത്താത്ത പക്ഷം മേല്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം തിരികെ ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 മഴക്കാല പൂർവ്വ ശുചീകരണം - വാർഡു തല ചെലവ് രേഖകൾ ഹാജരാക്കിയില്ല

ചെക്ക് നം. 396225-239/2.6.16

ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 15 വാർഡുകൾക്ക് 10000/-രൂപ വീതം ആകെ 150000/-രൂപ വാർഡുതല ശുചിത്വസമിതികൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ 3 വാർഡുകളിൽ നിന്നുള്ള (5,14,15) ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയത്. ശേഷിക്കുന്ന 12 വാർഡുകൾക്ക് നൽകിയ 120000/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 1,20,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധിക തുക നൽകുന്നു

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രതിമാസം 23042/-രൂപ വീതം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വൈദ്യുതി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും ഹാജരാക്കിയിട്ടുള്ള തെരുവ് വിളക്കുകളുടെ പത്രിക പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളിൽ 40 വാട്ട്സിന്റെ 134 ഓർഡിനറി

ബൾബുകളാണെന്ന് കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് (134x61=8174/-) നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തിലോ, മുൻ വർഷങ്ങളിലോ പഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങിയതായി രേഖകളില്ല. ഇതുസംബന്ധിച്ച് പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല.

പല തവണകളായി സാധാരണ ബൾബുകൾ മാറി സി.എഫ്.എൽ ആക്കിയിട്ടുണ്ടെങ്കിലും അവയൊന്നും കെ.എസ്.ഇ.ബിയുടെ കണക്കിൽ കാണുന്നില്ല. സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന സി.എഫ്.എൽ വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് വൈദ്യുത ചാർജ്ജാകുന്നത്. 40വാട്ട് സാധാരണ ബൾബുകളുടെ പ്രതിമാസ കറന്റ് ചാർജ്ജ് 61/- രൂപയാണ്. എന്നാൽ ഇതിലധികം പ്രകാശം ലഭിക്കുന്ന 15വാട്ട്, 18വാട്ട് സി.എഫ്.എൽ വിളക്കുകളുടെ കറന്റ് ചാർജ്ജ് യഥാക്രമം രൂ 9/-, രൂ 12/- എന്നിങ്ങനെയാണ് (KSEB Rate as on 01.12.2015). ഇതിൽ നിന്നും ഓരോ മാസവും വൻ തുകയാണ് ഗ്രാമപഞ്ചായത്ത് കറന്റ് ചാർജ്ജിനത്തിൽ ഒടുക്കുന്നത് എന്നു കാണാം. കൂടാതെ നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്.

## 3-11 വാസസ്ഥലം മണ്ണിട്ടുയർത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 22.7.2015ലെ DA2/11446/2015 നമ്പർ തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാരുടെ വീട് പരിസരം മണ്ണിട്ടുയർത്തുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും (പ്രോജക്ട് നം --- 71/2017) തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 1,61,960 രൂപ (ബിൽനം 8/2016-17/ 30.3.2017) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വീടിനും പ്രത്യേകമായി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം പണമായി നൽകുവാൻ പാടില്ലായെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായാണ് ടി പ്രോജക്ട് നടപ്പാക്കുവാൻ മേൽ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഓരോ വീടിനും പ്രത്യേകമായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി തുക നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് ഗുണഭോക്താക്കൾക്ക് ആനുകൂല്യം പണമായി നൽകുവാൻ പാടില്ലായെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. കൈനകരി പഞ്ചായത്തിലെ ഭൂപ്രകൃതിയനുസരിച്ച് പല വാർഡുകളിലായി താമസിക്കുന്ന ഗുണഭോക്താക്കളുടെ വാസസ്ഥലം മണ്ണിട്ടുയർത്തുന്നതിനുള്ള പ്രവൃത്തി ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിരുന്നില്ലെന്നും ഗുണഭോക്തൃ സമിതികൾ മുഖാന്തിരം പ്രവൃത്തി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതുകൊണ്ടാണ് ടി പദ്ധതി ഇപ്രകാരം നടപ്പാക്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. സർക്കാർ നിർദ്ദേശം കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 എസ്.സി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് --- പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

1. ഒരേ പദ്ധതിയ്ക്കായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി

എസ്.സി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകുന്നതിനായി തൻവർഷം രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (പ്രോജക്ട്നം 136/2017), എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (പ്രോജക്ട്നം 162/2017) എന്നിവയാണ് പ്രസ്തുത പ്രോജക്ടുകൾ. ഒരേ പദ്ധതിയ്ക്കായി ഒന്നിലധികം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. തൻവർഷം ചെലവഴിക്കാതിരുന്ന എസ്.സി.പി ഫണ്ട് ചെലവഴിക്കുന്നതിനാണ് ഇപ്രകാരം ചെയ്യേണ്ടിവന്നതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. പദ്ധതി നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

2. ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ്പ് ടോപ്പിന് വ്യത്യസ്ത നിരക്കിൽ വില ഈടാക്കി

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (പ്രോജക്ട്നം 136/2017) എന്ന ആദ്യ പദ്ധതിയ്ക്കായി 10.3.2017 ൽ കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് ആലപ്പുഴയിൽ നിന്നും ഒരു ലാപ്പ് ടോപ്പിന് 29,000 രൂപ പ്രകാരം 6 acer laptops (specification –i3 $5^{th}$ generation, 4 GB RAM, 1 TB HDD, VGA Camera, Blue Tooth, WiFi,

etc) വാങ്ങുന്നതിനായി 1,74,000 രൂപ (ബിൽനം 10/2016-17/30.3.2017) ചെലവഴിക്കുകയുണ്ടായി. തുടർന്ന് പ്രോജക്ട് നം 162/2017 പ്രകാരം വീണ്ടും ഇതേ പദ്ധതിയ്ക്കായി 15.3.2017ൽ ടെണ്ടർ ക്ഷണിക്കുകയും 27.3.2017ൽ റീടെണ്ടർ നടത്തുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഓക്സിജനിൽ നിന്നും ഒരു ലാപ്പ് ടോപ്പിന് 24,999 രൂപ പ്രകാരം 14 acer laptops (specification –Quard Core Processor, 4 GB RAM, 1 TB HDD, display -15.6 led back light, resolution – 1366*768, VGA Camera, Blue Tooth, WiFi, etc) വാങ്ങുന്നതിനായി 3,49,986 രൂപയും (ബിൽനം 13/2016-17/30.3.2017) ചെലവഴിച്ചു. രണ്ടാമത്തെ ടെണ്ടറിൽ കൂടുതൽ മെച്ചപ്പെട്ട സ്പെസിഫിക്കേഷനിലുള്ള acer ലാപ്പ് ടോപ്പുകൾ ആദ്യത്തേതിനേക്കാൾ വളരെ കുറഞ്ഞ വിലയ്ക്കാണ് ഓക്സിജൻ സപ്ലൈ ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും പ്രോജക്ട് നം 136/2017 പ്രകാരം സപ്ലൈ ചെയ്ത ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് അധിക വില ഈടാക്കിയെന്ന് വ്യക്തമാണ്. കേവലം ദിവസങ്ങളുടെ ഇടവേളയിൽ സമർപ്പിച്ച രണ്ട് ടെണ്ടറുകളിലാണ് സ്ഥാപനം ഇത്തരത്തിൽ വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. ആദ്യ ടെണ്ടർ പ്രകാരമുള്ള കമ്പ്യൂട്ടറുകൾ 25.3.2017ലും രണ്ടാമത്തെ ടെണ്ടർ പ്രകാരമുള്ള കമ്പ്യൂട്ടറുകൾ 30.3.2017ലും വിതരണം നടത്തിയ ടി സ്ഥാപനത്തിന് നൽകുന്നതിനായി ട്രഷറിയിൽ നിന്നും തുക പിൻവലിച്ചിരിക്കുന്നത് 30.3.2017ൽ ആണ്. രണ്ടാമത്തെ പ്രോജക്ടിൽ കൂടുതൽ എണ്ണം ലാപ്പ് ടോപ്പുകൾ ആവശ്യമായതിനാലും മത്സരസ്വഭാവമുള്ള ടെണ്ടറായതിനാലുമാണ് സ്ഥാപനം കുറഞ്ഞ നിരക്കിൽ ലാപ്പ് ടോപ്പ് നൽകുവാൻ തയ്യാറായതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വ്യാപകമായ പരസ്യം നൽകി ടെണ്ടർ നടപടികളിൽ കൂടുതൽ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കുറഞ്ഞ വിലയിൽ മെച്ചപ്പെട്ട ഉപകരണങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും ചെലവഴിക്കപ്പെടാത്തതുമായ തുക യഥാസമയം തിരിച്ചടച്ചില്ല

12.4.2006 ലെ ജി.ഒ (പി) 177/2006/ധനം നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും വിതരണം ചെയ്യാതെ 30 ദിവസത്തിലധികം ബാങ്ക് അക്കൗണ്ടിൽ നിൽക്കുന്നതുമായ തുക/ഡി.ഡി ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ താഴെ പറയുന്ന തുകകൾ ചെലവഴിക്കപ്പെടാതെ നീക്കിയിരുപ്പുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് | അക്കൗണ്ട് നം. | 31.03.2017ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | സെക്രട്ടറി | എസ്.ബി.ടി | 57043123180 (*) | 940434 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | എസ്.ബി.ടി | 67090484634 | 21851 |
| 3 | എം.ഒ(പി.എച്ച്.സി) | ഹാജരാക്കിയിട്ടില്ല | | |
| 4 | കൃഷി ഓഫീസർ | ഐ.സി.ഐ.സി.ഐ, അമ്പലപ്പുഴ | 265701000195 | 2972112 |
| 5 | വി.ഇ.ഒ, കുട്ടമംഗലം | എസ്.ബി.ടി | 67108086286 | 21831 |
| 6 | വി.ഇ.ഒ, കൈനകരി | എസ്.ബി.ടി | 67054187590 | 23172 |

| | | | | |
|---|---|---|---|---|
| 7 | എച്ച്.എം | എസ്.ബി.ടി | 67053158843 | 521 |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | എസ്.ബി.ടി | 67218215639 | 2493 |

(*) പ്രസ്തുത അക്കൗണ്ട് കറന്റ് അക്കൗണ്ടായി തുടങ്ങിയിട്ടുള്ളതിനാൽ നീക്കിയിരുപ്പ് തുകയ്ക്ക് നാളിതുവരെ പലിശയും ലഭിച്ചിട്ടില്ല. ഇതു മൂലം ഭീമമായ തുക പലിശ ഇനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഗ്രാമ പഞ്ചായത്തിന്റെ പ്ലാൻ അക്കൗണ്ട് എസ്.ബി അക്കൗണ്ടായി തുടങ്ങേണ്ടതിനു പകരം കറന്റ് അക്കൗണ്ടായി തുടങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൃഷി ഓഫീസറുടെ പേരിൽ ഐ.സി.ഐ. സി.ഐ ബാങ്കിന്റെ അമ്പലപ്പുഴ ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലാണ് പദ്ധതി ധനമായി ലഭിക്കുന്ന തുക നിക്ഷേപിച്ച് ചെലവഴിച്ചു വരുന്നത്. പ്രസ്തുത അക്കൗണ്ടിൽ കൃഷി വകുപ്പിൽ നിന്നും ലഭിക്കുന്ന തുകയുൾപ്പെടെയുള്ള എല്ലാ തുകകളും നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പദ്ധതി ധനം ചെലവഴിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്നും, ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകയല്ലാതെ മറ്റ് തുകകൾ ടി അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്നും കർശന സർക്കാർ നിർദ്ദേശമുണ്ടായിരിക്കെ ഇത്തരത്തിൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത കാലയളവിൽ ദേശസാത്കൃത ബാങ്കിൽ നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (അനുബന്ധം.ബി:6) തയ്യാറാക്കിയിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വിവരം വ്യക്തമല്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അക്കൗണ്ടിൽ പണം സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നീക്കിയിരുപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വിവരം കൃത്യമായി തയ്യാറാക്കേണ്ടതും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ള തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-14 നെൽകൃഷി വികസന പദ്ധതി – സബ്സിഡി വിതരണത്തിൽ പോരായ്മകൾ

വിവിധ പാടശേഖര സമിതികളിലെ കർഷകർക്ക് ഉല്പാദന ബോണസ് നൽകുന്നതിനായി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച 11,03,200 രൂപയും നെൽകൃഷി വികസന പദ്ധതി പ്രകാരം കൂലിചെലവ് സബ്സിഡി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 16,55,500 രൂപയും കൃഷി ഓഫീസറുടെ പേരിലുള്ള ഐ.സി.ഐ.സി.ഐ ബാങ്ക് അമ്പലപ്പുഴ ശാഖയിൽ (അക്കൗണ്ട് നം 265701000195) 30.3.2017ൽ നിക്ഷേപിക്കുകയും കർഷകർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന തുക വിതരണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. കൈനകരി പഞ്ചായത്ത് പരിധിയിലുള്ള കർഷകരുടെ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് സമീപമുള്ള ദേശസാൽകൃത ബാങ്കുകളിൽ നിന്നും അക്കൗണ്ട് എടുക്കുന്നതിന് പകരം അമ്പലപ്പുഴയിലുള്ള ഒരു സ്വകാര്യ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരിലുള്ള പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 30.3.2017ൽ നിക്ഷേപിച്ച മേൽ തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് അക്കൗണ്ടുള്ള ബാങ്കുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് 16.5.2017 മുതലാണ്. അതായത് ഒന്നര മാസത്തോളം 27,58,700 രൂപ ബാങ്കിൽ സൂക്ഷിച്ചതിനുശേഷമാണ് വിതരണം നടത്തിയിരിക്കുന്നത്. ഇതുമൂലം ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം ലഭിച്ചില്ല. 16.5.2017ൽ 17,32,220 രൂപ ടി അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ബാങ്കുകളുടെ പേര് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി തുക ഗുണഭോക്താക്കളുടെ സബ്സിഡിയിനത്തിൽ മറ്റ് ബാങ്കുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതാണോയെന്ന് വ്യക്തമല്ല. കൂടാതെ ബാങ്ക് തിരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ NEFT മുഖേന ബാങ്കുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ കൃത്യതയും പരിശോധിക്കുവാൻ കഴിഞ്ഞില്ല. സഹകരണ ബാങ്കുകളിലേയ്ക്ക് 19.5.2017ൽ 9,63,369 രൂപ ഡിമാന്റ് ഡ്രാഫ്റ്റായി നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

30.3.2017 ൽ സബ്സിഡി തുക നിക്ഷേപിക്കുന്നതിന് മുമ്പുള്ള ടി അക്കൗണ്ടിലെ നീക്കിയിരുപ്പ് 2,09,815 രൂപയും 30.6.2017ലെ നീക്കിയിരുപ്പ് 4,17,701 രൂപയുമാണ് (07/2017, 08/2017 മാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല). ഇതിൽ നിന്നും ഇപ്പോഴും സബ്സിഡി തുക പൂർണ്ണമായും നൽകിയിട്ടില്ലായെന്ന് വ്യക്തമാണ്.

ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ഇനിയും ആനുകൂല്യം ലഭിക്കാനുള്ളതെന്ന് കണ്ടെത്തി അവർക്ക് സബ്സിഡി തുക നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കർഷകർക്ക് ലഭിക്കുവാനുള്ള കൂലിചെലവ് സബ്സിഡി, ഉല്പാദന ബോണസ് എന്നിവ കൃത്യമായും സമയബന്ധിതമായും ലഭിക്കുന്നുവെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. 2016-17 വർഷത്തെ കൂലിചെലവ് സബ്സിഡി, ഉല്പാദന ബോണസ് എന്നിവ എല്ലാ കർഷകർക്കും ലഭിച്ചുവെന്ന് പാടശേഖര സമിതികൾ മുഖേന ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

<u>ചെലവ് വിവരം</u>

ബിൽനം, തുക

3/2016-17/30.3.2017 16,55,500

24/2016-17/30.3.2017 11,03,200

## 3-15 <u>മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ :-</u>

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തുന്നില്ല.

(4) ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. (കരാറുകാരന്റെ പേരും, തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്.)

(5) കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തന്മൂലം കരാർ ചമയ്ക്കുന്നതിലെ സമയ ക്ലിപ്തത പരിശോധിക്കുവാൻ സാധ്യമല്ലാതാകുന്നു.

(6) ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള മിക്ക പ്രവൃത്തികളും യഥാസമയം പൂർത്തീകരിക്കാതെ സ്പിൽ ഓവറായാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(7) മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടിയിൽ ഉദ്യോഗസ്ഥരുടെ കുറവു മൂലം രജിസ്റ്ററുകളും ഫയലുകളും കൃത്യമായി തയ്യാറാക്കുവാൻ സാധിച്ചില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-16 <u>ജീവൻധാര അക്കൗണ്ട് നിർജ്ജീവമായി തുടരുന്നു</u>

ഗ്രാമപഞ്ചായത്തിൽ ജീവൻധാര പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ടി-57043123135) 13.2.2014 ന ശേഷം പണമിടപാടുകൾ നടത്തിയിട്ടില്ല. 31.3.2017 ലെ നീക്കിയിരുപ്പ് 71040/-രൂപ. പ്രസ്തുത അക്കൗണ്ട് കറന്റ് അക്കൗണ്ടായി തുടങ്ങിയിട്ടുള്ളതിനാൽ നീക്കിയിരുപ്പ് തുകയ്ക്ക് നാളിതുവരെ പലിശയും ലഭിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ട് എസ്.ബി അക്കൗണ്ടായി തുടങ്ങേണ്ടതിനു പകരം കറന്റ് അക്കൗണ്ടായി തുടങ്ങിയത് ക്രമ വിരുദ്ധമാണ്. മേൽ അപാകത സംബന്ധിച്ച് സെക്രട്ടറി ഹാജരാക്കിയ

വിശദീകരണത്തിൽ ശേഷിക്കുന്ന തുക ബന്ധപ്പെട്ട ഹെഡിലേയ്ക്ക് തിരികെ അടയ്ക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-17 ദുരിതാശ്വാസ നിധി നിർജ്ജീവമായി തുടരുന്നു

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ എസ്.ബി.ടി കൈനകരി ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. (31.3.17 ലെ നീക്കിയിരുപ്പ്- 8742/- രൂപ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

കൈനകരി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6692411 |
| വരവ് | : | 50507327 |
| ആകെ | : | 57199738 |
| ചെലവ് | : | 45942564 |
| നീക്കിയിരിപ്പ് | : | 11257174 |

II. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും വ്യയത്തിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 122207864 |
| (-) വ്യയം | : | 124532549 |
| (-) പ്രയർ പീരീഡ് ഐറ്റം | : | (-)21146 |
| ഡെഫിസിറ്റ് | : | 2303539 |

III. ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 44606778 |

| | |
|---|---|
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 45454101.30 |
| പഞ്ചായത്ത് ഫണ്ട് | (-)847323.30 |

വാർഷിക കണക്കിലെ ന്യൂനതകൾ

രസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. വി.ഇ.ഒ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതായി സാംഖ്യ, സുലേഖ എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന 88,400/- രൂപ യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടിട്ടില്ല.
2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ തൻവർഷത്തെ ആകെ ചെലവ് 6,23,33,069/- രൂപയാണെന്ന് കാണുന്നു. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 3,49,14,028/- രൂപയാണ്.
3. ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി തൻവർഷം കെ.എസ്.ഇ.ബി-യിൽ 29,875/- രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ (B-18, RP-47) ഉൾപ്പെടുത്തിയിരിക്കുന്നത് 29,500/- രൂപയാണ്.
4. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Receivables of Profession Tax- Institution/ Professionals/Traders (Arrears) എന്നയിനത്തിൽ22,025/-രൂപ വരവുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിൽ യാതൊരു തുകയും കിട്ടാനുള്ളതായി കാണിച്ചിട്ടില്ല.
5. കെട്ടിട വാടകയിനത്തിൽ രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് RP-43 പ്രകാരമുള്ള തൻവർഷ വരവ് 8,865/-രൂപയാണ്. എന്നാൽ കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 15,555/-രൂപയാണ് യഥാർത്ഥ വരവ്. കെട്ടിട വാടകയിനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശിക 1500/- രൂപ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.
6. കെട്ടിട വാടകയിനത്തിലെ തൻവർഷ ഡിമാന്റ് 17,055 രൂപയാണെങ്കിലും ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ ഷെഡ്യൂളിൽ (I-3) കാണിച്ചിരിക്കുന്നത് 8865 രൂപയാണ്.
7. വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി തൻവർഷ ഡിമാന്റ് 18,36,972 രൂപ സഞ്ചയയിലെ ഡിമാന്റ് തുകയുമായി (19,00,792 രൂപ) പൊരുത്തപ്പെടുന്നില്ല.
8. വാർഷിക കണക്ക് പ്രകാരം വസ്തുനികുതി കുടിശ്ശിക വരവ് (RP-43) 7,06,254രൂപയും സഞ്ചയ പ്രകാരം ആയത് 7,68,645 രൂപയുമാണ്.
9. ഓഡിറ്റോറിയം, ഹാൾ വാടകയിനത്തിലെ വരവ് 26,500 രൂപയാണെങ്കിലും വാർഷിക കണക്കിൽ (RP-3) കാണിച്ചിരിക്കുന്നത് 29,190 രൂപയാണ്.
10. വിധവാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത 5104160/- രൂപയും വിവാഹ ധനസഹായമായി നൽകിയ 240000/- രൂപയും വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.
11. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-3 പ്രകാരം Rent from Auditorium and Halls എന്ന ഇനത്തിലുള്ള ഡിമാന്റ് 29190/- രൂപയെന്ന് കാണുന്നു. എന്നാൽ റെന്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 26500/- രൂപയാണ്. 2015-16-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പരിശോധിച്ചതിൽ ഈയിനത്തിൽ അഡ്വാൻസ് കളക്ഷൻ ഉള്ളതായും കാണുന്നില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 194000 | പാലിയേറ്റീവ് കെയർ | 194000 | -- |
| | | 96300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 96300 | -- |
| | | 100000 | പോഷകാഹാര പരിപാടി | -- | 100000 |
| ജില്ലാ പഞ്ചായത്ത് | | 96300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 96300 | -- |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 26/2016-17/ 30.3.2017 | 4,09,005 | -- | 4,09,005 |
| | എട്ടാം വാർഡിൽ കളപ്പുരയ്ക്കൽ പാലം മുതൽ ആയിരംവേലി പാലം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 27/2016-17/ 30.3.2017 | 3,60,000 | -- | 3,60,000 |
| | എൽ.പി, യു.പി സ്കൂളുകൾക്ക് കുടിവെള്ള കണക്ഷൻ | 31/2016-17/ 30.3.2017 | 45,000 | -- | 45,000 |
| | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 33/2016-17/ 30.3.2017 | 90,000 | -- | 90,000 |
| | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ | 32/2016-17/ 30.3.2017 | 10,000 | -- | 10,000 |
| | ഹോമിയോ ഡിസ്പെൻസറിയ്ക്ക് കുടിവെള്ള കണക്ഷൻ | 34/2016-17/ 30.3.2017 | 15,000 | -- | 15,000 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5.വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 562/2010/ 22.2.10 | 15729000 | 557300 | 545000 | | 12300 |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രസീത് നമ്പർ |
|---|---|---|---|
| 2002-03 | 2200 | മെമ്പർ സെക്രട്ടറി, സി.ഡി.എസ് | 11602500002/11.7.16 |
| | 635 | യമുന, ക്ലാർക്ക് | 11602101363/23.12.16 |
| ആകെ | 2835 | | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2005-06 | 3(11) | 2010-11 | അങ്കണവാടി കുട്ടികൾക്കുള്ള അരിഷ്ടം വിതരണം | സർക്കാർ സാധൂകരണത്തിന് നൽകിയിട്ടുണ്ട് |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57199738 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45942564 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1273915 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 929005 | ശ്രീ.പി.ജി.പ്രകാശ്, സെക്രട്ടറി |
| 3-6(1) | 29875 | ശ്രീ.പി.ജി.പ്രകാശ്, സെക്രട്ടറി |
| 3-6(2) | 50000 | ശ്രീ.വിമൽ കുമാർ.കെ.എൻ, സെക്രട്ടറി |
| 3-7 | 82035 | ഡോ.ശരത്ചന്ദ്ര ബോസ്, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-8 | 63000 | ശ്രീ.മുഹമ്മദ് കുഞ്ഞാശാൻ, വി.ഇ.ഒ |
| 3-9 | 120000 | ശ്രീ.ഡി.സാബു, സെക്രട്ടറി |
| ആകെ | 1273915 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ജി.പ്രകാശ്, സെക്രട്ടറി | സെക്രട്ടറി, കൈനകരി ഗ്രാമ പഞ്ചായത്ത് | സൗപർണ്ണിക, പാതിരപ്പള്ളി.പി.ഒ. ആലപ്പുഴ |
| ശ്രീ.വിമൽ കുമാർ. കെ.എൻ, സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | കുന്നപ്പള്ളി, പുന്നപ്ര നോർത്ത്.പി.ഒ, പറവൂർ, ആലപ്പുഴ |
| ശ്രീ.ഡി.സാബു, സെക്രട്ടറി | വിരമിച്ചു. | വിനോദ്ഭവൻ (ഹരിദേവ്) പുന്നപ്ര വടക്ക്-പി.ഒ പറവൂർ, ആലപ്പുഴ |
| ശ്രീ.മുഹമ്മദ് കുഞ്ഞാശാൻ, വി.ഇ.ഒ | വി.ഇ.ഒ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | എരങ്ങാട്ടുവീട്, മണ്ണഞ്ചേരി.പി.ഒ, ആലപ്പുഴ. |
| ശ്രീ. ബിനോയ് ബോസ് അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കൈനകരി ഗ്രാമപഞ്ചായത്ത് | ശ്രീനന്ദനം, S N പുരം പി ഒ, ചേർത്തല |
| ഡോ.ശരത്ചന്ദ്രബോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കുപ്പപ്പുറം | ജ്ഞഗേഹം,പൂന്തോപ്പ്, അവലൂക്കുന്ന്.പി.ഒ ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |

| | |
|---|---|
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013/29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014/30.03.2015 |
| 2013-14 | എൽ.എഫ്.എപി-1-672/2015,23.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി1/210/16/21.03.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി1/135/17/2.02.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി1-1243/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി, 07.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P1-1243/2017

Kerala State Audit Department,

District Audit Office,Alappuzha

Date: 07.10.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kainakary Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kainakary Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha